നവകേരളം വാർത്ത

2023 മേയ് 16-31 ന്യൂസ് ലെറ്റർ

ഓൺലൈൻ വായനയ്ക്ക്

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

## സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് മികച്ച തുടക്കം



വികസിത രാജ്യങ്ങളിൽ നിന്നുള്ള ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലും അത് സൃഷ്ടിക്കുന്ന പ്രത്യാഘാതവും എല്ലാ രാജ്യങ്ങളും ഒരുപോലെ നേരിടേണ്ട സഹാചര്യമാണ് നിലനിൽക്കുന്നതെന്ന് ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. സമതുലിതമായല്ല ആഗോളതലത്തിൽ ഇത് നേരിടേണ്ടി വരുന്നത്. നെറ്റ് സീറോ എമിഷൻ പ്രവർത്തനങ്ങൾക്കായി നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ 2023 മേയ് 17 ന് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിലുപരി വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ അവയെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങളാണ് നാം തേടേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ഇതിനകം നടത്തിയ പ്രാരംഭ പ്രവർത്തനങ്ങളുടെ അവലോകനവും അനുഭവ വിവരണവും ഉൾപ്പെടുത്തി രണ്ട് ദിവസത്തെ ശിൽപ്പശാലയും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ നേരിടുന്നതിനും പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കുമായി ഹരിതകേരളം മിഷൻ സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഇതിനകംതന്നെ ദേശീയ ശ്രദ്ധ ആകർഷിച്ചു എന്ന് ചടങ്ങിൽ അദ്ധ്യക്ഷയായ നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ഓടെ നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനുള്ള സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇപ്പോൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ജിജു പി. അലക്സ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പുസ്തകം പ്രകാശനം ചെയ്തു. പ്രൊഫ. പി.കെ. രവീന്ദ്രൻ പുസ്തകം ഏറ്റുവാങ്ങി. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ബ്രോഷർ പ്രകാശനം നിർവഹിച്ചു. നവകേരളം കർമപദ്ധതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇന്ദു എസ്., അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ എന്നിവർ സംസാരിച്ചു. വടകര മുനിസിപ്പാലിറ്റിയുടെയും പീലിക്കോട്, കണ്ണപുരം, ചെറുകുന്ന്, മീനങ്ങാടി, വെട്ടം, അകത്തേത്തറ, മാടക്കത്തറ, വല്ലച്ചിറ, ആമ്പല്ലൂർ, മാണിക്കൽ, വെളിയന്നൂർ, ദേവികുളങ്ങര, കടമ്പനാട്, ഇരവിപേരൂർ, നെടുമ്പന, പൂതക്കുളം, കൊല്ലയിൽ, കാമാക്ഷി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ അനുഭവ വിവരണമാണ് ശില്പശാലയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രൊഫ. പി.കെ. രവീന്ദ്രൻ ശിൽപ്പശാലയിൽ മോഡറേറ്ററായി. ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എസ്.യു. സഞ്ജീവ് കാമ്പയിൻ അവതരണം നടത്തി. പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ ശിൽപ്പശാലയിൽ പങ്കെടുത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വാഗതം പറഞ്ഞു.



# ഇടുക്കിയിൽ 974 ലൈഫ് വീടുകൾ കൂടി പൂർത്തിയായി

## പ്രഖ്യാപനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു

ഇടുക്കി ജില്ലയിൽ നിർമ്മാണം പൂർത്തീകരിച്ച ലൈഫ് വ്യക്തിഗത ഭവനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനവും വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ നാല് ഗുണഭോക്താക്കൾക്കുള്ള താക്കോൽ കൈമാറ്റവും ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. ജില്ലയിലെ ലൈഫ് 2020-ലെ പുതിയ വീടുകളുടെ ഉടമ്പടി പ്രഖ്യാപനവും ഇതോടൊപ്പം നിർവഹിച്ചു. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ പരിപാടിയുടെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർ ഉൾപ്പെടുന്ന രണ്ടാംഘട്ടം, ഭൂരഹിതരുടെ പട്ടികയിൽ നിന്ന് ഭൂമി ആർജ്ജിച്ചവരുടെ മൂന്നാംഘട്ടം, പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ അധിക പട്ടികയിൽ ഉൾപ്പെടുന്നവർ, ലൈഫ് 2020 എന്നീ വിഭാഗങ്ങളിലായി 974 ഭവനങ്ങളാണ് പൂർത്തീകരിച്ചത്.



# ഹബ് ആന്റ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക് യാഥാർത്ഥ്യത്തിലേക്ക് : മന്ത്രി വീണാ ജോർജ്ജ്

സംസ്ഥാനത്ത് ഹബ്ബ് ആന്റ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക് സംവിധാനം യാഥാർത്ഥ്യമാകുന്നുവെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. നവകേരളം കർമപദ്ധതി 2 ആർദ്രം മിഷന്റെ ഭാഗമായുള്ള 10 പ്രധാന പദ്ധതികളിലൊന്നാണ് ഹബ്ബ് ആന്റ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്കിംഗ്. പത്തനംതിട്ട, മലപ്പുറം, എറണാകുളം, ആലപ്പുഴ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഈ പദ്ധതിയുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള പരിശോധനകൾ വിജയകരമായി പൂർത്തീകരിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ പരീക്ഷണാടിസ്ഥാനത്തിലുള്ള പരിശോധനകൾ ഉടൻ ആരംഭിക്കും. ഇത് പൂർണ്ണമായി യാഥാർത്ഥ്യമാകുന്നതോടെ സങ്കീർണ്ണമായ ലാബ് പരിശോധനകൾ അധികദൂരം യാത്ര ചെയ്യാതെ വീടിന് തൊട്ടടുത്തുള്ള ആശുപത്രികളിൽ ലഭ്യമാകുമെന്നും മന്ത്രി വ്യക്തമാക്കി.



# നീർച്ചാൽ പുനരുജ്ജീവനം സംസ്ഥാനതല ഉദ്ഘാടനവും ഡി.പി.ആർ. പ്രകാശനവും



നീരുറവ് പദ്ധതിയുടെ ഡി.പി.ആർ. പ്രകാശനവും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി എം.ബി. രാജേഷ് ഓൺലൈനായി നിർവഹിച്ചു. മന്ത്രി ജി.ആർ. അനിൽ അധ്യക്ഷത വഹിച്ചു. നീരുറവ് ഡി.പി.ആർ. പ്രകാശനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ ഏറ്റുവാങ്ങി.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്ന സമഗ്ര നീർത്തടാധിഷ്ഠിത വികസന പദ്ധതിയാണിത്. യോഗത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ ജാഫർ മലിക്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

# പെരുന്നാൾ ഹരിതമാക്കാൻ വിജയപുരം പഞ്ചായത്തും ഹരിത കർമസേനയും

പൊതുയിടങ്ങൾ, ആരാധനാലയങ്ങൾ എന്നിവ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം ജില്ലയിൽ വിജയപുരം ഗ്രാമപഞ്ചായത്ത്, ഹരിതകേരളം മിഷൻ, ജില്ലാ ശുചിത്വമിഷൻ എന്നിവരുടെ നേതൃത്വത്തിൽ



പൊൻപള്ളി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിലെ പെരുന്നാൾ ഇത്തവണ ഹരിതചട്ടം പാലിച്ചു നടത്തി. ഹരിതചട്ടം ഉറപ്പാക്കുന്നതിനും, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി പഞ്ചായത്തിലെ ഹരിതകർമസേന അംഗങ്ങളെ നിയോഗിച്ചിരുന്നു. ജൈവ-അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിച്ച് നിക്ഷേപിക്കുന്നതിനായി ഓല കൊണ്ടുള്ള വല്ലം പള്ളി പരിസരങ്ങളിൽ സ്ഥാപിച്ചു. പ്രകൃതിദത്ത അലങ്കാരങ്ങൾ ഉപയോഗിച്ച് ഹരിത കർമ്മസേന സ്റ്റാൾ സജ്ജീകരിച്ചു. പള്ളിയിൽ എത്തിയ വിശ്വാസികൾക്ക് ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ കുടിവെള്ളം, സംഭാരം, ചുക്ക് കാപ്പി എന്നിവ വിതരണം ചെയ്തു. ഇതിനായി സ്റ്റീൽ പത്രങ്ങളും മൺപാത്രങ്ങളും ആണ് സ്റ്റാളിൽ ഉപയോഗിച്ചത്. ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനവും ഹരിത സന്ദേശങ്ങളും സ്റ്റാളിൽ ഉൾപ്പെടുത്തിയിരുന്നു.

# 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതി പ്രവർത്തനം എറണാകുളം ജില്ലയിൽ പത്ത് പഞ്ചായത്തുകളിൽ

'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതി പ്രവർത്തനം എറണാകുളം ജില്ലയിൽ പത്ത് പഞ്ചായത്തുകളിൽ പുരോഗമിക്കുന്നു. ജില്ലയിലെ കോതമംഗലം, മൂവാറ്റുപുഴ, കൂവപ്പടി എന്നീ ബ്ലോക്കിലെ നെല്ലിക്കുഴി, പൈങ്ങോട്ടൂർ, പിണ്ടിമന, കോട്ടപ്പടി, വാരപ്പെട്ടി, കീരംപാറ, പോത്താനിക്കാട്, പല്ലാരിമംഗലം, കല്ലൂർക്കാട്, മുടക്കുഴ ഗ്രാമപഞ്ചായത്തുകളിലായി 265 നീർച്ചാലുകളുടെ മാപിംഗ് ഇതിനോടകം പൂർത്തീകരിച്ചു. പഞ്ചായത്തുകളുടെ സഹകരണത്തോടെ നവകേരളം കർമപദ്ധതിയിലെ ടീം അംഗങ്ങൾ വിവിധ ഗ്രൂപ്പുകളിലായി തിരിഞ്ഞാണ് മാപിംഗ് പ്രവർത്തനം നടത്തിയത്.



# കബനിക്കായ് വയനാട്
## തിരുനെല്ലിയിൽ മാപത്തോണിനു തുടക്കം

നവകേരളം കർമപദ്ധതി 2 ൽ ഹരിതകേരളം മിഷന്റെ കബനിക്കായ് വയനാട് കാമ്പയിനിന്റെ ഭാഗമായുള്ള നീർച്ചാൽ മാപത്തോണിനു തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. തിരുനെല്ലി പഞ്ചായത്തിൽ കാക്കതോടിൽ സംഘടിപ്പിച്ച പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് വത്സലകുമാരി അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു കാമ്പയിൻ വിശദീകരിച്ചു.



# നീരുറവ് വിവിധ ജില്ലകളിലെ ഉദ്ഘാടനപരിപാടികൾ

## പത്തനംതിട്ട

നീരുറവ് പദ്ധതിരേഖാ പ്രകാശനവും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനവും ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ മുത്തൻകുഴി നീർത്തടത്തിൽ ജില്ലാകളക്ടർ ഡോ. ദിവ്യ എസ്. അയ്യർ നിർവഹിച്ചു.



മനുഷ്യരുടെ പ്രകൃതി ചൂഷണമാണ് കാലവസ്ഥാ വ്യതിയാനത്തിനും നീർച്ചാലുകളുടെ ശോചനീയമായ അവസ്ഥക്കും കാരണമെന്നും പ്രകൃതിക്ക് നമ്മെ സംരക്ഷിക്കാൻ അവസരം ഒരുക്കി കൊടുക്കുകയാണ് ഈ പ്രവർത്തിയിലൂടെ നാം ചെയ്യേണ്ടതെന്നും കളക്ടർ അഭിപ്രായപ്പെട്ടു.

തദ്ദേശ സ്വയംഭരണ വകുപ്പ്, നവകേരളം കർമപദ്ധതി2, ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ മുത്തൻകുഴി തോടിന്റെ പുനരുദ്ധാരണമാണ് പദ്ധതി പ്രകാരം പൂർത്തിയാകുന്നത്.

ഓരോ ഗ്രാമപഞ്ചായത്തിലേയും നീർച്ചാൽ ശൃംഖലകൾ കണ്ടെത്തി, ഓരോ നീർച്ചാലുകളിലും അവയുടെ വൃഷ്ടിപ്രദേശങ്ങളിലും അനുയോജ്യമായ പരിപാലന പ്രവൃത്തികൾ ഉൾപ്പെടുന്ന സമഗ്രമായ പദ്ധതി രേഖ തയാറാക്കി നിർവഹണം നടത്താനാണ് ലക്ഷ്യം വയ്ക്കുന്നത്.

## കോഴിക്കോട്

കോഴിക്കോട് കുന്നമംഗലം ഗ്രാമപഞ്ചായത്ത് നീരുറവ് പദ്ധതിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം ചത്താൻകാവിൽ വെച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ നിർവഹിച്ചു.



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന നീരുറവ് പദ്ധതിയുടെ ഗ്രാമപഞ്ചായത്ത്തല ഉദ്ഘാടനമാണ് കുന്നമംഗലം ഗ്രാമപഞ്ചായത്ത് ചത്താൻകാവ് തോട് നവീകരണത്തോടെ തുടക്കം കുറിച്ചത്. സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് നീരുറവ് പദ്ധതി കൂടുതൽ ഊർജം പകരുമെന്ന് ബ്ലോക്ക് പ്രസിഡന്റ് പറഞ്ഞു.

## പാലക്കാട്

നവകേരളം കർമപദ്ധതി 2 – ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സംയുക്ത



ആഭിമുഖ്യത്തിൽ നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലും 'നീരുറവ്' നീർത്തടാധിഷ്ഠിത മാതൃക വികസന പദ്ധതിരേഖ പ്രകാശനവും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തികളുടെ ഉദ്ഘാടനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരുടെ നേതൃത്വത്തിൽ 2023 മേയ് 10 ന് വിവിധ ഇടങ്ങളിലായി നടന്നു.

## കൊല്ലം

നവകേരളം കർമപദ്ധതിയുടെ ഭാഗമായി കൊല്ലം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷൻ സഹകരണത്തോടെ പഞ്ചായത്ത്തല പദ്ധതി പ്രകാശനവും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തന



ങ്ങളുടെ ഉദ്ഘാടനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചി പ്രഭാകരൻ നിർവഹിച്ചു. നീരുറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത ശങ്കരവിലാസം നാരായണ വിലാസം ഭാഗത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു.

## കോട്ടയം

കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് നീർത്തട മാസ്റ്റർപ്ലാൻ പ്രകാരം ഏറ്റെടുത്ത വല്ലിറ്റ തോട്, പാറത്തോട് ഗ്രാമപഞ്ചായത്തിലെ പടപ്പാടി തോട്, കാഞ്ഞിരപ്പള്ളി കുടപ്പനക്കുഴി തോട് എന്നിവയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.



## ഇടുക്കി

കട്ടപ്പന ബ്ലോക്കിലെ ഉപ്പുതറ, അയ്യപ്പൻകോവിൽ, കാഞ്ചിയാർ, വണ്ടൻമേട്, ചക്കുപള്ളം പഞ്ചായത്തുകളിലും,




ഇരട്ടയാർ ഗ്രാമപഞ്ചായത്തിലും നീരുറവ് പദ്ധതിരേഖ പ്രകാശനവും, നീർച്ചാലുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നടന്നു.

## ആലപ്പുഴ

താമരകുളം പഞ്ചായത്ത് പണയിൽ ചത്തിയറ പുഞ്ച തോട്ടിൽ ജലനടത്തവും, ശുചീകരണവും നടന്നു. പഞ്ചായത്ത് പ്രസിഡന്റ് ജി. മുരളീധരൻ പിള്ള ഉദ്ഘാടനം ചെയ്തു.



## എറണാകുളം

പൈങ്ങട്ടൂർ ഗ്രാമപഞ്ചായത്തിൽ പുതിയടത്തുതാഴം ഷാപ്പുംപടി തോട്, കടവൂർ മൂഴിത്തോട് എന്നിവയുടെ പുനരുജ്ജീവന പ്രവർത്തർനങ്ങൾക്ക് തുടക്കം കുറിച്ചു.



## തൃശൂർ

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ നീരുറവ് നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ പഞ്ചായത്തുതല ഉദ്ഘാടനം ആട്ടയൂർ ചെറിയതോട് പരിസരത്തു



പഞ്ചായത്ത് പ്രസിഡന്റ് മിനി ജയൻ നിർവഹിച്ചു. വിവിധ വാർഡ് മെമ്പർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## മലപ്പുറം

നീരുറവ് പദ്ധതിയുടെ ഭാഗമായി പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിൽ നടന്ന പരിപാടി പഞ്ചായത്ത് പ്രസിഡണ്ട് ടി.കെ. റാബിയത്ത് ഉദ്ഘാടനം ചെയ്തു.




## കണ്ണൂർ

പേരാവൂർ ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ തിരുവോണപ്പുറം തുണ്ടി തോട്, കോളയാട് ആലച്ചേരി ഏച്ചിലോടി-മച്ചിക്കണ്ടി തോട് തുടങ്ങി വിവിധ നീർച്ചാലുകളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.




## കാസർഗോഡ്

സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി നവകേരളം കർമപദ്ധതിയും ഹരിതകേരളം മിഷനും, എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ നേതൃത്വത്തിൽ നിരുറവ് മീഞ്ച പഞ്ചായത്തിൽ. പദ്ധതിയുടെ പഞ്ചായത്ത്തല രേഖ പ്രകാശനവും, നീർച്ചാൽ പുനർജീവനത്തിന്റെ ഉദ്ഘാടനവും പഞ്ചായത്ത് പ്രസിഡന്റ് സുന്ദരി ഷെട്ടി നിർവഹിച്ചു.



# 28500 കിലോ കുപ്പി - ചില്ല് മാലിന്യം ശേഖരിച്ചു കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്കിൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് ശുചിത്വ മാലിന്യ സംസ്ക രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകർമ്മസേന അംഗങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ ശേഖരിച്ച 28500 കിലോ കുപ്പി ചില്ല് വേസ്റ്റ് ശാസ്ത്രീയ സംസ്കരണത്തിനായി കൈമാറി.

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ നിന്നും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വിപുലമായ പ്രചാരണ പരിപാടി നടത്തിയാണ് ശേഖരണം പൂർത്തീകരിച്ചത്. കുന്നമംഗലം ബ്ലോക്കിൽ ഈ വർഷം ഹരിതകേരളം മിഷന്റെ സഹകരണത്തോടെ കുപ്പി ചില്ല് മാലിന്യ ശേഖരണം നടത്തുന്ന രണ്ടാമത്തെ പഞ്ചായത്ത് ആണ് കുരുവട്ടൂർ. നേരത്തെ കാരശേരി ഗ്രാമപഞ്ചായത്തിൽ നിന്നും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി 25665 കിലോ കൈമാറിയിരുന്നു.



# 'ഒഴുകും ഞാൻ ഉയിരോടെ' പദ്ധതിയുമായി കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്

തിരുവനന്തപുരം കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പുഴ പുനരുജ്ജീവന പദ്ധതി 'ഒഴുകും ഞാൻ ഉയിരോടെ', നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. മടവൂർ, പള്ളി ക്കൽ ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകി ഇത്തിക്കരയാറ്റിൽ പതി ക്കുന്ന പടിഞ്ഞാറ്റേല-മൂഴിയിൽ ഭാഗം-ഈരാറ്റിൽ വലിയതോടാണ് ശുചീകരിക്കുന്നത്. മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്ക് നിലച്ച തോടിന്റെ 20 കിലോമീറ്ററോളം ദൂരം പദ്ധതിയുടെ ഭാഗമായി വൃത്തിയാക്കും. കാമ്പ യിന്റെ ഭാഗമായി വിളംബരജാഥയും പുഴനടത്തവും സംഘടിപ്പിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മൈനർ ഇറിഗേഷൻ, മണ്ണ് സംരക്ഷണം, റവന്യൂ എന്നീ വകുപ്പുകളുടെ സഹകര ണവും പദ്ധതി നടത്തിപ്പിനുണ്ട്. പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ഈരാറ്റിൽ നടന്ന പരിപാടിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.പി. മുരളി അധ്യക്ഷത വഹിച്ചു.



# ലൈഫ് പദ്ധതിയിലൂടെ വീടൊരുങ്ങി

തൃശൂർ കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറി നെടുംപറമ്പിൽ ചന്ദ്രൻ രാധ ദമ്പതിമാർക്ക് ഇനി ആശ്വാസത്തോടെ തല ചായ്ക്കാം. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറുദിന കർമപദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് പദ്ധതിയിലൂടെ ഒരുക്കിയ ഭവനത്തിന്റെ താക്കോൽദാന ഉദ്ഘാ ടനം കൊരട്ടി പഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു നിർവഹിച്ചു. കുടിലു കളില്ലാത്ത കൊരട്ടി എന്ന സ്വപ്ന ത്തിന്റെ 46-മത് വീടാണ് ലൈഫി ലൂടെ കൈമാറിയത്. കൂടാതെ 2022-23 വർഷത്തിൽ ലൈഫ് പദ്ധതിയിലൂടെ പുതിയതായി അനുവദിച്ച 40 വീടുക ളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.



# ഹരിത കർമ്മസേനയ്ക്ക് വാഹനം കൈമാറി

കോട്ടയം ജില്ലയിൽ അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയ്ക്കായി വാങ്ങിയ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം പഞ്ചായത്ത് പ്രസിഡന്റ് ജാൻസി ബാബു നിർവഹിച്ചു. ഹരിത കർമ്മസേന കൺസോർഷ്യം പ്രസിഡന്റ് സ്മിത ബാബു താക്കോൽ ഏറ്റുവാങ്ങി. പഞ്ചായത്തിന്റെ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വഴി മഹീന്ദ്രാ ട്രിയോ വാഹനം വാങ്ങിയത്.



# കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ

കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉദ്ഘാടനം നടന്നു. പഞ്ചായത്തുതലത്തിലുള്ള ക്യൂ.ആർ. കോഡ് പതിപ്പിക്കലും, വിവര ശേഖരണം ഉദ്ഘാടനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി. സഞ്ചു നിർവഹിച്ചു. ആദ്യഘട്ടത്തിൽ ഒരു വാർഡിലാണ് പൈലറ്റ് സർവേ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. സർവ്വേക്കുവേണ്ടി ഹരിതകർമ്മസേനാംഗങ്ങൾ, ഒപ്പം കുടുംബശ്രീ അംഗങ്ങളും അണി ചേരും. പഞ്ചായത്തുതല ഉദ്ഘാടന ചടങ്ങിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കെൽട്രോൺ കോർഡിനേറ്റർ, നവകേരളം കർമപദ്ധതി ആർ.പി., ഹരിത കർമ്മസേന അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# നീറ്റ് നെടുംകുന്നം ശുചിത്വ ശിൽപ്പശാല

ഉറവിട ജൈവ മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ പൊതുജനങ്ങൾക്ക് കണ്ടു മനസിലാക്കി ഉപയോഗപ്പെടുത്തുന്നതിനായി കോട്ടയം ജില്ലയിൽ നെടുംകുന്നം ഗ്രാമപഞ്ചായത്ത് 'നീറ്റ് നെടുംകുന്നം' ഏകദിന ശിൽപ്പശാലയും ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികളുടെ പ്രദർശനവും നടത്തി. ശിൽപ്പശാലയിൽ മാലിന്യ സംസ്ക്കരണത്തിലെ പൊതുജനപങ്കാളിത്തം, ഉറവിട മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യവും വിവിധ ഉപാധികളും, സംഭരണ സാധ്യതകളും ബദൽ ഉത്പന്നങ്ങൾ, നിയമ അവബോധം, ഹരിത കർമ്മസേനയുടെ പ്രസക്തിയും പ്രാധാന്യവും തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിച്ചു. പഞ്ചായത്തിൽ നൂറ് ശതമാനം യൂസർ ഫീ കളക്റ്റ് ചെയ്ത ഹരിത കർമ്മസേനയ്ക്ക് ആദരവ് നൽകി.

നീറ്റ് നെടുംകുന്നം 2023 ശിൽപ്പശാലയുടെ ഉദ്ഘാടനം ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ബീന സി.ജെ. അധ്യക്ഷത വഹിച്ചു.





തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത് - ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോറിക്ഷ നൽകി.
പാലക്കാട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.കെ. ചാമുണ്ണി ഫ്ളാഗ് ഓഫ് നിർവഹിച്ചു.



# പച്ചത്തുരുത്തുകൾ
## എല്ലാ സ്കൂളുകളിലും നടപ്പാക്കും : മന്ത്രി എം.ബി. രാജേഷ്

പച്ചത്തുരുത്തുകൾ മാതൃകാപരമായ പദ്ധതിയാണെന്നും എല്ലാ വിദ്യാലയങ്ങളിലും ഇത് നടപ്പാക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. കേരളത്തിലെ പച്ചത്തുരുത്തുകളുടെ വിസ്തൃതി 700 ഏക്കർ പിന്നിട്ടതിന്റെ സംസ്ഥാനതല പ്രഖ്യാപനം പുറനാട്ടുകാര ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിർ ഹയർസെക്കൻഡറി സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. തൃശൂർ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ മുഴുവൻ ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും നടപ്പാക്കിയ വനസമേതം പച്ചത്തുരുത്തുകൾ വലിയ മുന്നേറ്റമാണ് ഉണ്ടാക്കിയത്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രാദേശിക ജൈവവൈവിധ്യം ഉറപ്പുവരുത്തുന്നതിനായി പച്ചത്തുരുത്തുകൾ ഒരുക്കുകയാണ് സംസ്ഥാന സർക്കാർ. 2023 മേയ് മാസത്തോടെ സംസ്ഥാനത്തെ പച്ചത്തുരുത്തുകൾ 779 ഏക്കറായി വർധിപ്പിച്ചുവെന്നും മന്ത്രി പറഞ്ഞു. തൃശ്ശൂർ ജില്ലയിലെ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ആദ്യഘട്ടം 210 സ്കൂളുകളാണ് ഭാഗമായത്. ജില്ലയിൽ 17.85 ഏക്കർ പച്ചത്തുരുത്തുകൾ പൂർത്തിയായിട്ടുണ്ട്.

സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ. അധ്യക്ഷനായി. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ സ്വാഗതം ആശംസിച്ചു. സ്കൂൾ പ്രിൻസിപ്പാൾ സുനിത നായർ, നവകേരളം ജില്ലാ കോഡിനേറ്റർ സി. ദിദിക, വാർഡ് മെമ്പർ ബി.ജി. ഹരീഷ്, ജില്ലാ പഞ്ചായത്ത് അംഗം ജിമ്മി ചൂണ്ടൽ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എസ്.എസ്. ഷാജി, അടാട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിമി അജിത് കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആനി ജോസ് തുടങ്ങിയവർ പങ്കെടുത്തു.

# നൂറുദിന കർമപദ്ധതിയിൽ തലയെടുപ്പോടെ വിദ്യാലയങ്ങൾ; ഉദ്ഘാടനത്തിന് തയ്യാറായി 97 സ്കൂളുകൾ

നവകേരളം കർമപദ്ധതി 2 വിദ്യാകിരണം മിഷന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങൾ ഇതിനോടകം യാഥാർത്ഥ്യമായി. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം ഭൗതിക സൗകര്യ വികസനത്തിനായുള്ള നടപടികൾ കൈക്കൊണ്ടിരുന്നു. അതിൽ 126 വിദ്യാലയങ്ങളിൽ കെട്ടിട നിർമ്മാണം പൂർണമായും പൂർത്തീകരിച്ചു. ശേഷിക്കുന്ന വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന വിദ്യാലയങ്ങളിൽ മൂന്ന് കോടി കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി പണി പൂർത്തീകരിച്ച 160 ഓളം സ്കൂളുകൾ ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. ഒരുകോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 446 സ്കൂളുകളിൽ 140 ഓളം സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.


ഗവ. ഹൈസ്കൂൾ പെരിങ്കരി

100 ദിന കർമപദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തിയായ 97 സ്കൂളുകളുടെ ഉദ്ഘാടനവും 13 സ്കൂൾ കെട്ടിടങ്ങളുടെ തറക്കല്ലിടീൽ ചടങ്ങും 3 ടിങ്കറിങ് ലാബുകളും മേയ് മാസം 23ന് ജി.എച്ച്.എസ്.എസ്. മുഴപ്പിലങ്ങാട്, കണ്ണൂരിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷനാകും.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01